പഠനം

◆

കെ.ടി ഹുസൈൻ

## മമ്പുറം തങ്ങന്മാർ: സമരം, പ്രത്യയശാസ്ത്രം-3

# സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ

**മമ്പുറം** സയ്യിദ് അലവി തങ്ങൾ അടിത്തറ പാകിയ കൊളോണിയൽവിരുദ്ധവും ജന്മിത്തവിരുദ്ധവുമായ രാഷ്ട്രീയത്തിന് പ്രത്യയശാസ്ത്ര ദൃഢീകരണവും പ്രായോഗികരൂപവും നൽകിയ ധിഷണാശാലിയായ പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമാണ് സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ. ഇസ്‌ലാമിന്റെ വിമോചനാത്മക ഉള്ളടക്കത്തെയും അതിന്റെ ചരിത്രപരവും സാംസ്കാരികവുമായ പാരമ്പര്യത്തെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും എതിരെ സമരായുധമാക്കിയ ഫസൽ പൂക്കോയ തങ്ങൾ ഇസ്‌ലാമിന്റെ സ്ഥാനം പള്ളിയിൽ മാത്രമല്ലെന്നും സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ കൂടിയാണെന്നും കേരളീയ സമൂഹത്തെ പഠിപ്പിക്കുകയായിരുന്നു. താൻ ജീവിച്ച കാലവും സമൂഹവും അഭിമുഖീകരിച്ച ചരിത്രസന്ദർഭത്തിന്റെ രാഷ്ട്രീയത്തെയും സംസ്കാരത്തെയും ഇസ്‌ലാമിക ദർശനത്തിന്റെ അടിത്തറയിൽനിന്ന് അപഗ്രഥിക്കാനും അതിനെ നേരിടാനുള്ള ഫലപ്രദമായ ആശയവും കർമരൂപവും സമൂഹത്തിന് പകർന്നു നൽകാനും പള്ളി മിമ്പറുകളെ പോലും ഉപയോഗപ്പെടുത്തിയ ഫസൽ പൂക്കോയ തങ്ങൾ സാമ്പ്രദായിക മതപണ്ഡിതനെ അളക്കുന്ന വിശകലന മാനദണ്ഡങ്ങൾ കൊണ്ടൊന്നും അളക്കാൻ കഴിയാത്ത വ്യക്തിത്വത്തിനുടമയാണ്. ഫസൽ പൂക്കോയ തങ്ങളുടെ ഈയൊരു സവിശേഷത കൊണ്ടാണ് മുസ്‌ലിം എന്ന നിലക്കുള്ള സാമൂഹിക പ്രതിനിധാനങ്ങളെയെല്ലാം അവഗണിച്ചിരുന്ന സെക്യുലർ ചരിത്രകാരന്മാർ വരെ അദ്ദേഹത്തെ അധിനിവേശവിരുദ്ധ ചരിത്രത്തിലെ നിത്യസാന്നിധ്യമായി അടയാളപ്പെടുത്താൻ നിർബന്ധിതമായത്.

മമ്പുറം അലവി തങ്ങൾ-ഫാത്വിമ ദമ്പതികളുടെ പുത്രനായി ഹിജ്റ 1240/ക്രി.വ. 1824-ൽ മമ്പുറത്താണ് ഫസൽ പൂക്കോയ തങ്ങളുടെ ജനനം. പിതാവിന്റെ സന്തത സഹചാരിയായിരുന്ന ചാലിലകത്ത് ഖുസയ്യ് ഹാജിയിൽനിന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക പഠനം. പിന്നീട് പിതാവിന്റെ തന്നെ ശിഷ്യന്മാരായ പരപ്പനങ്ങാടി അവുക്കോയ മുസ്‌ലിയാർ, വെളിയങ്കോട് ഉമർ ഖാദി, ബൈത്താൻ മുഹമ്മദ് മുസ്‌ലിയാർ തുടങ്ങിയവരിൽനിന്ന് വിവിധ ഇസ്‌ലാമിക വിഷയങ്ങളിൽ അവഗാഹം നേടി. രചനാശേഷിയും പ്രസംഗപാടവവും അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു. പിൽക്കാലത്ത് തന്റെ സാമൂഹിക, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഈ കഴിവുകൾ അദ്ദേഹത്തിന് വളരെയധികം പ്രയോജനപ്പെടുകയുണ്ടായി.

ഫസൽ പൂക്കോയ തങ്ങൾക്ക് ഇരുപതു വയസ്സുള്ളപ്പോഴായിരുന്നു പിതാവ് അലവി തങ്ങളുടെ മരണം. അപ്പോഴേക്കും മികച്ച പണ്ഡിതനായി മാറിക്കഴിഞ്ഞിരുന്നുവെങ്കിലും അദ്ദേഹത്തിൽ ശമിക്കാതെനിന്ന വൈജ്ഞാനിക തൃഷ്ണ, പിതാവിന്റെ പിൻഗാമിത്തം തൽക്കാലം ഏറ്റെടുക്കാതെ ഉപരിപഠനത്തിനായി മക്കയിലേക്ക് പോകാനാണ് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അഞ്ചു വർഷത്തെ മക്കയിലെ വിദ്യാർഥിജീവിതം അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തെയും വൈജ്ഞാനിക ചക്രവാളത്തെയും വളരെയധികം വികസിപ്പിക്കുകയുണ്ടായി. പതിനെട്ടാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പരിഷ്കർത്താക്കളിൽ അഗ്രിമസ്ഥാനമലങ്കരിക്കുന്ന ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹാബിന്റെ പരിഷ്കരണ സംരംഭങ്ങളെ അടുത്തറിയാനും പരിചയപ്പെടാനും മക്കയിലെ ജീവിതം അദ്ദേഹത്തിന് അവസരമൊരുക്കി. ഇത് ഫസൽ പൂക്കോയ തങ്ങളുടെ ചിന്താഗതികളെയും പ്രവർത്തനങ്ങളെയും നല്ല അളവിൽ സ്വാധീനിക്കുകയുണ്ടായി. പിൽക്കാലത്ത് കേരളത്തിൽ അദ്ദേഹം നടത്തിയ പരിഷ്കരണ പ്രവർത്തനങ്ങൾ മുഖ്യമായും ഖുർആനിലും സുന്നത്തിലും കേന്ദ്രീകരിക്കപ്പെട്ടത് ഈ സ്വാധീനത്തെയാണ് വിളിച്ചോതുന്നത്. ഖുർആനേക്കാളും സുന്നത്തിനേക്കാളും മാലമൗലിദുകൾക്ക് പവിത്രത കൽപിക്കപ്പെടുകയും ഖുർആനിനോ സുന്നത്തിനോ അതിൽനിന്നുത്ഭൂതമാകുന്ന ശരീഅത്തിനോ വിലകൽപിക്കാത്ത സ്വൂഫി ത്വരീഖത്തുകൾ അരങ്ങുതകർക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കെ, തന്റെ പ്രബോധന- സംസ്കരണ പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഖുർആനെയും സുന്നത്തിനെയും അദ്ദേഹം തെരഞ്ഞെടുത്തതിന് പ്രത്യേകം പ്രസക്തിയുണ്ട്.

### സാമൂഹിക-രാഷ്ട്രീയ രംഗത്ത്

മക്കയിലെ ഉപരിപഠനം കഴിഞ്ഞ് 1849-ൽ മമ്പുറത്ത് തിരിച്ചെത്തിയ ഉടനെ ഫസൽ പൂക്കോയ തങ്ങൾ പിതാവ് നടത്തിയിരുന്ന സാമൂഹിക-രാഷ്ട്രീയ പ്രവർത്തനങ്ങൾ പൂർവാധികം ശക്തിയോടെ പുനരാരംഭിച്ചു. മമ്പുറത്തെ ചെറിയ പള്ളി വിപുലീകരിച്ച് ജുമുഅത്ത് പള്ളിയായി ഉയർത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. സയ്യിദ് ഫസലിന്റെ സാമൂഹിക-രാഷ്ട്രീയ പ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രം ഈ ജുമുഅത്ത് പള്ളിയും, അദ്ദേഹത്തിന്റെ പ്രധാന പ്രബോധന-സംസ്കരണ മാധ്യമം അവിടെ അദ്ദേഹം നടത്തിയ ജുമുഅ ഖുത്വ്ബകളുമായിരുന്നു. ഫസൽ പൂക്കോയ തങ്ങളുടെ ജുമുഅ ഖുത്വ്ബകൾ കേവലം ആത്മീയ പ്രഭാഷണങ്ങളോ സാരോപദേശങ്ങളോ ആയിരുന്നില്ല; സമകാലിക സാമൂഹിക-രാഷ്ട്രീയ അവസ്ഥകളെക്കുറിച്ച് സമുദായത്തിന് അവബോധം നൽകുന്നതായിരുന്നു. ഏതോ കാലത്ത് ആരോ നടത്തിയ അറബി ഖുത്വ്ബകളുടെ സമാഹാരം അനുഷ്ഠാനമെന്നോണം നോക്കിവായിക്കുകയായിരുന്നില്ല അദ്ദേഹം; മറിച്ച് പള്ളിയിലെത്തുന്ന നിരക്ഷരരായവർക്കു കൂടി തിരിയുന്ന ഭാഷയിലാണ് അദ്ദേഹം ജുമുഅ ഖുത്വ്ബകൾ നിർവഹിച്ചത്. ജന്മസിദ്ധമായ പ്രസംഗ പാടവവും അദ്ദേഹ

ത്തിന്റെ ഖുത്ബകളെ സ്വാധീനമുള്ള താക്കി മാറ്റി.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ എല്ലാവിധ ഒത്താശകളോടെയും ജന്മിത്തവും അതിന്റെ സഹജമായ കുടിയാൻ പീഡനവും കൊടികുത്തിവാണ സാമൂഹിക സാഹചര്യത്തിലാണ് സയ്യിദ് ഫസലിന്റെ സാമൂഹിക രംഗപ്രവേശം. മുസ്‌ലിം കുടിയാന്മാരെ പോലെയോ അവരേക്കാൾ കൂടുതലോ മലബാറിലെ കീഴാള ജാതിയിൽപെട്ടവരും ജന്മിമാരുടെ കൊടും പീഡനങ്ങൾക്കിരയായിരുന്നു. അതിനാൽ സയ്യിദ് ഫസലിന്റെ രാഷ്ട്രീയത്തെ നിർണയിച്ചത് ശക്തമായ കൊളോണിയൽവിരുദ്ധവും ജന്മിത്തവിരുദ്ധവുമായ ഈ ആശയപരിസരമാണ്. തന്റെ ഖുത്ബകളിലും ഫത്‌വകളിലും അദ്ദേഹം ഉന്നയിച്ച പ്രധാന രാഷ്ട്രീയ പ്രശ്നവും സാമ്രാജ്യത്വവിരുദ്ധതയും ജന്മിത്തവിരുദ്ധതയും തന്നെയായിരുന്നു. ഫ്യൂഡൽ അധികാരവ്യവസ്ഥയെയും അതിന്റെ മൂല്യബോധത്തെയും ആശയതലത്തിലും പ്രയോഗതലത്തിലും അദ്ദേഹം ശക്തിയായി വെല്ലുവിളിച്ചു. ജന്മിമാരുടെ ഉഛിഷ്ടം ഭക്ഷിക്കരുതെന്നും അവരെ 'അങ്ങുന്ന്' എന്ന് സംബോധന ചെയ്യരുതെന്നും അദ്ദേഹം മുസ്‌ലിംകളെ ആഹ്വാനം ചെയ്തു. കീഴാളരിൽനിന്ന് സമീപകാലത്ത് മതം മാറിയ മുസ്‌ലിംകൾ പഴയ ഉച്ചനീചത്വം അടിച്ചേൽപിച്ച മനോഘടന കാരണം ജന്മിമാരുടെ ഉഛിഷ്ടം ഭക്ഷിക്കുകയും അവരെ ആത്മാഭിമാനം തെല്ലും പരിഗണിക്കാതെ കണക്കിലധികം ബഹുമാനിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിലായിരുന്നു ഈ ആഹ്വാനം. അവരിൽ ഇസ്‌ലാമികമായ സ്വത്വബോധം കരുപ്പിടിപ്പിക്കുകയും തദ്വാരാ അവരെ ആത്മാഭിമാനികളും സ്വാതന്ത്ര്യബോധമുള്ളവരുമായി മാറ്റുകയുമായിരുന്നു ഈ ആഹ്വാനംകൊണ്ട് അദ്ദേഹം ലക്ഷ്യമിട്ടത്. ജന്മിത്തത്തിനെതിരെ സാമുദായിക നവോത്ഥാനത്തിന്റെ ഭാഗമായി മുഴക്കപ്പെട്ട വിപ്ലവകരമായ ആഹ്വാനങ്ങളിലൊന്നായി ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ട ഒന്നാണിത്. അങ്ങനെ രേഖപ്പെടുത്തപ്പെടാതെ പോയത് നമ്മുടെ ചരിത്രവായനയെ സ്വാധീനിച്ച വിഭാഗീയത കൊണ്ടു മാത്രമാണ്. ഏതായാലും പുതുമുസ്‌ലിംകളിലും കീഴാള വിഭാഗങ്ങളിലും ഈ ആഹ്വാനം ആന്ദോളനങ്ങൾ സൃഷ്ടിച്ചു. കീഴാളജാതികളിൽനിന്ന് പലരും ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്തു. പരിവർത്തനത്തിന് തയാറാകാത്തവർ പോലും സയ്യിദ് ഫസലിനെ തങ്ങളുടെ മാതൃകാപുരുഷനായ നേതാവായി അംഗീകരിച്ചിരുന്നു. തിരൂരങ്ങാടിക്കടുത്ത കളിയാട്ടുമുക്ക് എന്ന ഗ്രാമത്തിൽ വർഷംതോറും നടത്തിവരാറുള്ള കളിയാട്ടക്കാവ് എന്ന പേരിലുള്ള കീഴാള ഉത്സവത്തിൽ പാടിയിരുന്ന നാടോടിപ്പാട്ടിൽ മമ്പുറം തങ്ങന്മാരുടെ അപദാനങ്ങൾ ഉൾപ്പെട്ടിരുന്നത് കീഴാള വിഭാഗങ്ങൾക്ക് അവരോടുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും നിദർശനമായി എടുക്കാവുന്നതാണ്. സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും എതിരായ പോരാട്ടത്തിൽ മുസ്‌ലിംകളോടൊപ്പം കീഴാളരെ കൂടി ചേർത്തുപിടിക്കുകയാണ് യഥാർഥത്തിൽ ഫസൽ പൂക്കോയ തങ്ങൾ ചെയ്തത്. സയ്യിദ് ഫസൽ തന്റെ പ്രസംഗങ്ങളിലൂടെയും ഫത്‌വകളിലൂടെയും മാപ്പിളമാരിലും കീഴാളരിലും സൃഷ്ടിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യബോധം തങ്ങളുടെ സാമ്രാജ്യത്വ അജണ്ടയെ പരാജയപ്പെടുത്തുമെന്ന് ബോധ്യമുള്ളതിനാൽ തുടക്കം മുതൽതന്നെ സയ്യിദ് ഫസലിനെ ഏറ്റവും വലിയ ശത്രുവായാണ് ബ്രിട്ടീഷുകാർ കണ്ടിരുന്നത്. അതിനാൽ എങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ 'ശല്യം' ഒഴിവാക്കാനുള്ള ചതുരോപായങ്ങൾ അവർ പയറ്റിനോക്കി. ബലാൽക്കാരം കുടിയിറക്കുന്ന ജന്മിയെ കൊല്ലുന്നത് പാപമല്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയും അധികാരികളെ പ്രകോപിപ്പിച്ചു. ഈ പ്രസ്താവന പിൻവലിക്കാൻ അധികാരികൾ അദ്ദേഹത്തിനു മേൽ സമ്മർദം ചെലുത്തിയെങ്കിലും സയ്യിദ് ഫസൽ വഴങ്ങിയില്ല. സയ്യിദ് ഫസലിന്റെ കാലത്ത് തെക്കേ മലബാറിൽ നടന്ന ചില ജന്മിത്തവിരുദ്ധ കലാപങ്ങൾക്ക് പ്രചോദനം നൽകിയെന്നാരോപിച്ച് അദ്ദേഹത്തെ നാടു കടത്താനുള്ള നീക്കം അധികാരികൾ ശക്തിപ്പെടുത്തിയതിനുള്ള യഥാർഥ കാരണം, സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ ഫസൽ പൂക്കോയ തങ്ങൾ സ്വീകരിച്ച ആശയപരമായ ഉൾക്കനമുള്ള നിലപാട് മലബാറിലെ ജനങ്ങളിൽ സൃഷ്ടിക്കുന്ന സമരോത്സുകതയെക്കുറിച്ച ബ്രിട്ടീഷ് അധികാരികളുടെ ഭയമായിരുന്നു.

### *ഉദ്ദത്തുൽ ഉമറാഅ്*

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ സമരത്തിന് ആഹ്വാനം ചെയ്തുകൊണ്ട് *ഉദ്ദത്തുൽ ഉമറാഅ്* എന്ന പേരിൽ ഒരു ലഘു കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ സമരപാഠങ്ങൾ ആഴത്തിലും പരപ്പിലും ഈ കൃതിയിൽ വിശകലനം ചെയ്യപ്പെട്ടിരിക്കുന്നു. കേവല വൈകാരികതയിൽ കാലൂന്നി ബ്രിട്ടീഷ് രാജിനെതിരെ ജിഹാദിന് ആഹ്വാനം ചെയ്യുന്ന രചനയല്ല ഇത്. മറിച്ച്, ജിഹാദിന്റെ മുന്നുപാധികളായ പ്രബോധനം, സംസ്കരണം എന്നിവയുടെ പ്രാധാന്യം എടുത്തുപറഞ്ഞ് ജിഹാദിനെ അതുമായി മുൻഗണനാക്രമത്തിൽ കണ്ണിചേർക്കുകയാണ് അദ്ദേഹം ചെയ്തത്. നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യേണ്ട ബാധ്യത പണ്ഡിതന്മാർ വിസ്മരിച്ചത്, സമൂഹത്തെ പൊതുവെ ബാധിച്ച ജീർണത, അതിരുകളില്ലാത്ത ഭൗതികതൃഷ്ണ തുടങ്ങിയവയാണ് സമുദായത്തിന്റെ അധഃപതനത്തിന് മൂല കാരണങ്ങളായി സയ്യിദ് ഫസൽ നിരീക്ഷിക്കുന്നത്. പതിനാറാം നൂറ്റാണ്ടിലെ പോർച്ചുഗീസ് അധിനിവേശം മുസ്‌ലിം സമുദായത്തിന്റെ ആന്തരിക സ്വത്വപ്രതിസന്ധിയുടെ കൂടി ഫലമാണെന്ന ശൈഖ് സൈനുദ്ദീന്റെ നിരീക്ഷണത്തിന് സമാനമാണ് സയ്യിദ് ഫസലിന്റെ ഈ നിരീക്ഷണം. ബ്രിട്ടീഷ് അധിനിവേശം മൂലം മുസ്‌ലിംകൾ നേരിടുന്ന ബാഹ്യമായ വെല്ലുവിളിയെ ആന്തരികമായി അവർ സ്വയം സംസ്കരിക്കപ്പെടാത്ത കാലത്തോളം ഫലപ്രദമായി നേരിടാനാവില്ല എന്ന പാഠമാണ് ഇതിലൂടെ സമുദായത്തിന് അദ്ദേഹം നൽകുന്നത്.

സയ്യിദ് ഫസൽ പൂക്കോയ തങ്ങളിലെ സാമൂഹിക പരിഷ്കർത്താവിനെ കൃത്യമായി അടയാളപ്പെടുത്തുന്നതാണ് ഈ നിരീക്ഷണം. മുസ്‌ലിം സമുദായം ആന്തരികമായി ശുദ്ധീകരിക്കപ്പെടാനും സംസ്കരിക്കപ്പെടാനുമുള്ള ഒരേയൊരു വഴി ഖുർആനും സുന്നത്തും അടിത്തറയാക്കി തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുകയാണെന്ന് അദ്ദേഹം സ്വസമുദായത്തെ ആഹ്വാനം ചെയ്യുന്നു. കൊണ്ടോട്ടി തങ്ങന്മാരുടെ രംഗപ്രവേശത്തോടെ സ്വൂഫിസത്തിന്റെ മറവിൽ പലവിധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുസ്‌ലിം മുഖ്യധാരയിലേക്ക് ഒളിച്ചുകടത്തപ്പെട്ടതിനാൽ സമുദായത്തിന്റെ കെട്ടുറപ്പും ഐക്യവും വലിയ അളവിൽ നഷ്ടപ്പെട്ടുപോയ അന്നത്തെ സാഹചര്യത്തിൽ ഖുർആനും സുന്നത്തും ജീവിതത്തിന്റെ അടിത്തറയാക്കണമെന്ന സയ്യിദ് ഫസലിന്റെ ആഹ്വാനത്തിന് സവിശേഷ പ്രസക്തിയുണ്ട്. മുട്ടുംവിളി നേർച്ചക്കെതിരെ അദ്ദേഹം പുറപ്പെടുവിച്ച പ്രസിദ്ധമായ ഫത്‌വ സാമൂഹിക ജീർണതയോടുള്ള അദ്ദേഹത്തിന്റെ നിലപാടിനെ നമുക്ക് വെളിവാക്കിത്തരുന്നു. സാമ്രാജ്യത്വം പോലുള്ള ബാഹ്യ ഭീഷണിയെ നേരിടാൻ സമുദായത്തിന്റെ ഐക്യം ആവശ്യമാണെന്നും പ്രസ്തുത ഐക്യം ഖുർആന്റെയും സുന്നത്തിന്റെയും അടിത്തറയിൽ ജീവിതം ചിട്ടപ്പെടുത്തുമ്പോൾ മാത്രമേ സാധ്യമാകൂ എന്നുമുള്ള സന്ദേശമാണ് അദ്ദേഹം നൽകുന്നത്.

പൊതുജനങ്ങൾ, പണ്ഡിതന്മാർ, ഭരണാധികാരികൾ തുടങ്ങി ഓരോ വിഭാഗവും നിർവഹിക്കേണ്ട വ്യത്യസ്തമെങ്കിലും പരസ്പരപൂരകമായ ഉത്തരവാദിത്വങ്ങളും ബാധ്യതകളും എടുത്തുപറഞ്ഞ് ഇവ യഥാവിധം നിർവഹിക്കപ്പെടാതെ പോകുന്നതാണ് സമൂഹം അനുഭവിക്കുന്ന എല്ലാ ഭവിഷ്യത്തു

കൾക്കും കാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. തങ്ങൾക്ക് ലഭിച്ച ജ്ഞാനം ജനനന്മക്കു വേണ്ടി പ്രയോജനപ്പെടുത്താതെ ഭൗതികതാൽപര്യങ്ങൾ നേടിയെടുക്കാൻ മാത്രം വിനിയോഗിക്കുന്ന പണ്ഡിതന്മാരെ 'ദുഷിച്ച പണ്ഡിതന്മാർ' എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. സാമൂഹികപ്രശ്നങ്ങളിൽ ഇടപെടുകയോ അധർമത്തിനെതിരെ പൊരുതുകയോ ചെയ്യാതെ പണ്ഡിതന്മാർ പ്രാർഥനകളും മന്ത്രങ്ങളുമായി പള്ളിയിൽ കഴിഞ്ഞുകൂടുന്നതിനെയും അദ്ദേഹം വിമർശിക്കുന്നുണ്ട്. ഇസ്‌ലാമിക പ്രബോധനവും വൈജ്ഞാനിക പ്രചാരണവും സുന്നത്ത് നമസ്കാരത്തേക്കാളും ദിക്റുകളേക്കാളും പുണ്യമുള്ളതാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അങ്ങാടിയിൽ തിന്മ നടമാടുകയാണെന്നറിഞ്ഞിട്ടും അത് തടയുന്നതിനെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ വീട്ടിലോ പള്ളിയിലോ സ്വന്തം ഇബാദത്തുകളുമായി കഴിഞ്ഞുകൂടുന്ന പണ്ഡിതൻ പ്രവാചകന്റെ അനന്തരാവകാശി എന്ന വിശേഷണത്തിന് ഒട്ടും അർഹനല്ലെന്നാണ് സയ്യിദ് ഫസൽ വ്യക്തമാക്കുന്നത്.

ഇസ്‌ലാമിക വീക്ഷണപ്രകാരം ഭരണകൂടവും മതവും ഇരട്ടകളായതിനാൽ ഭരണാധികാരി നീതിമാനും സത്യസന്ധനുമായിരിക്കൽ ഇസ്‌ലാമിക സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് അത്യന്താപേക്ഷിതമാണെന്ന് ഫസൽ പൂക്കോയ തങ്ങൾ ഊന്നിപറയുന്നു. ഭരണകൂടത്തിന്റെ സംസ്കരണവും ഈ കൃതി ലക്ഷ്യം വെക്കുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. 'ഭരണകൂടവും മതവും ഇരട്ടകളാണ്' എന്ന *ഉദ്ദത്തുൽ ഉമറാഇ*ലെ പ്രയോഗത്തിൽ ഫസൽ പൂക്കോയ തങ്ങളുടെ രാഷ്ട്രീയ വീക്ഷണം വ്യക്തമായി അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഇസ്‌ലാമിൽ ഭരണകൂടത്തിന്റെ പ്രാധാന്യം അദ്ദേഹം ഇപ്രകാരം വ്യക്തമാക്കുന്നു: "അറിയുക, ഇസ്‌ലാമികഭരണത്തെ മുസ്‌ലിംകൾ ഉയർത്തിക്കളയുകയാണെങ്കിൽ മലക്കുകൾ പുണ്യങ്ങളെ ഉയർത്തുകയും പിശാചുക്കൾ അധർമത്തെ പകരം ഇറക്കുകയും ചെയ്യും. ശിക്ഷയെക്കുറിച്ച ഭയവും പ്രതിഫലകാംക്ഷയും നഷ്ടപ്പെടുകയായിരിക്കും അതിന്റെ ഫലം. ഭൗതിക മോഹവും മരണഭയവുമാണ് ഈ അവസ്ഥമൂലം സൃഷ്ടിക്കപ്പെടുക. അതോടെ നിന്ദ്യതയും പതിത്വവും അവരുടെ മേൽ അടിച്ചേൽപിക്കപ്പെടും. അപ്പോൾ മുസ്‌ലിംകൾ മണമില്ലാത്ത സുഗന്ധദ്രവ്യം പോലെയോ മൂർച്ചയില്ലാത്ത വാളിനെപ്പോലെയോ ആയി മാറും. അതേസമയം മുസ്‌ലിംകൾ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുകയാണെങ്കിൽ ശിക്ഷയെക്കുറിച്ച ഭയവും പ്രതിഫലകാംക്ഷയുമാണ് അതിലൂടെ സൃഷ്ടിക്കപ്പെടുക. അവയിൽനിന്ന് ഭൗതികവിരക്തിയും മരണഭയമില്ലായ്മയും ഉയിരെടുക്കും. അപ്പോൾ ധീരതയും ത്യാഗസന്നദ്ധതയും ജന്മമെടുക്കുകയും മലക്കുകളുടെ സഹായം അവർക്ക് ലഭ്യമാവുകയും ഇസ്‌ലാമിന്റെ എല്ലാ രഹസ്യവും അവരിലൂടെ പ്രകാശിപ്പിക്കപ്പെടുകയും ചെയ്യും" (*ഉദ്ദത്തുൽ ഉമറാഅ്* 34,35).

ഇസ്‌ലാം വിഭാവന ചെയ്യുന്ന നന്മകൾ പൂർണമായി പ്രകാശിപ്പിക്കപ്പെടണമെങ്കിൽ ഇസ്‌ലാമിന്റെ സാമൂഹികക്രമം അനിവാര്യമാണെന്ന സയ്യിദ് ഫസലിന്റെ കാഴ്ചപ്പാടാണ് ഉപര്യുക്ത വരികളിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. അതിനാൽ കൊളോണിയൽ ആധുനികതയുടെ സംഭാവനയായ മത, രാഷ്ട്ര വിഭജനത്തെ അംഗീകരിക്കാത്ത പണ്ഡിതനായിരുന്നു സയ്യിദ് ഫസൽ എന്ന കാര്യത്തിൽ സംശയമില്ല. സയ്യിദ് ഫസലിന്റെ സാമൂഹിക, രാഷ്ട്രീയ ചിന്തകളുടെ വേരുകൾ ജമാലുദ്ദീൻ അഫ്ഗാനിയുടെ പാൻ ഇസ്‌ലാമിസത്തിലാണെന്ന, മലബാർ മുസ്‌ലിംകളെക്കുറിച്ച് സവിശേഷ പഠനം നടത്തിയ സ്റ്റീഫൻ എഫ്. ഡെയിലിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.

## നാടുകടത്തൽ

സയ്യിദ് ഫസലിന്റെ സാമ്രാജ്യത്വവിരുദ്ധവും ജന്മിത്തവിരുദ്ധവുമായ നിലപാടുകൾ ബ്രിട്ടീഷ് ഭരണകൂടത്തെ വിറളിപിടിപ്പിക്കുക സ്വാഭാവികമാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് തെക്കേ മലബാറിൽ നടന്ന ചില ജന്മിത്തവിരുദ്ധ കലാപങ്ങൾ ആയുധമാക്കിയാണ് അവർ സയ്യിദ് ഫസലിനെതിരെ കരുക്കൾ നീക്കിയത്. 1836 മുതൽ മലബാറിലെ ജന്മിത്തവിരുദ്ധ കലാപങ്ങളെ സയ്യിദ് ഫസൽ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും എന്നാൽ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാൻ താൻ അശക്തനാണെന്നും സൂചിപ്പിച്ചുകൊണ്ട് മലബാർ കലക്ടർ എച്ച്.വി കൊണാലി മദ്രാസ് ഗവർണർക്ക് ഇപ്രകാരം എഴുതി: "തങ്ങൾ എല്ലാ വിധത്തിലും അപകടകാരിയാണ്. പോലീസുകാർ തങ്ങൾക്കെതിരെ നിസ്സഹായരാണ്. അദ്ദേഹം സാമ്രാജ്യത്തിനുള്ളിലെ സാമ്രാജ്യമാണ്."

സയ്യിദ് ഫസലിന്റെ കാലത്ത് ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നടന്ന പ്രധാന കലാപങ്ങൾ 1849-ലെ മഞ്ചേരി കലാപം, 1851-ലെ കൊളത്തൂർ കലാപം, 1852-ലെ മട്ടന്നൂർ കലാപം തുടങ്ങിയവയായിരുന്നു. ഈ മൂന്ന് കലാപങ്ങൾക്കും സയ്യിദ് ഫസലിന്റെ പ്രോത്സാഹനങ്ങളും സഹായവും ഉണ്ടായിരുന്നുവെന്നായിരുന്നു ഭരണകൂടം ആരോപിച്ചത്. സയ്യിദ് ഫസലിനെ അറസ്റ്റ് ചെയ്യുന്നത് അപകടകരമാണെന്ന് തിരിച്ചറിഞ്ഞ കൊണാലിയും കൂട്ടരും അദ്ദേഹത്തിൽ സമ്മർദം പ്രയോഗിച്ച് നാടുവിടാൻ നിർബന്ധിക്കുക എന്ന തന്ത്രമാണ് സ്വീകരിച്ചത്. സയ്യിദ് ഫസലിനോട് അടുപ്പമുള്ള ചില ഉദ്യോഗസ്ഥന്മാർ മുഖേന കൊണാലി, നാടുവിടണമെന്ന നിർദേശം സയ്യിദ് ഫസലിന് മുമ്പിൽ വെച്ചു. താൻ പോകാതെ ഉറച്ചുനിൽക്കുകയാണെങ്കിൽ തന്റെ അനുയായികൾ ബ്രിട്ടീഷ് പട്ടാളത്തിന്റെ കൂട്ടക്കശാപ്പിനു ഇരയായിത്തീരുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു. അതിനാൽ തന്റെ അനുയായികളെ ബ്രിട്ടീഷ് പട്ടാളത്തിന്റെ ക്രൂരതകളിലേക്ക് എറിഞ്ഞുകൊടുക്കുന്നതിനേക്കാൾ താൻ നാടുവിടുന്നതായിരിക്കും ഉചിതം എന്ന് മനസ്സിലാക്കിയ സയ്യിദ് ഫസൽ തനിക്കു വേണ്ടി എന്തിനും തയാറായിരുന്ന അനുയായികളെ ഒരുവിധം സമാധാനിപ്പിച്ച് നാടുവിടാൻ തന്നെ തീരുമാനിച്ചു. 1852 മാർച്ച് 19-ന് അദ്ദേഹം ബന്ധുക്കളോടൊപ്പം പരപ്പനങ്ങാടി വഴി അറേബ്യയിലേക്ക് പോയി. കുടുംബക്കാരിൽപെട്ട 57 പേരാണ് അദ്ദേഹത്തെ അനുഗമിച്ചത്. സയ്യിദ് ഫസലിന്റെ അറേബ്യയിലേക്കുള്ള നാടുകടത്തൽ കഴിയുന്നത്ര രഹസ്യമാക്കി വെക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചിട്ടും എണ്ണായിരത്തോളം മാപ്പിളമാരാണ് തിരൂരങ്ങാടി മുതൽ പരപ്പനങ്ങാടി കടപ്പുറം വരെ നിറമിഴികളോടെ തങ്ങളുടെ നേതാവിനെ യാത്രയയക്കാൻ തടിച്ചുകൂടിയത്.

സയ്യിദ് ഫസൽ ആദ്യം മസ്കത്തിലേക്കാണ് പോയത്. അവിടെ ബ്രിട്ടീഷ്‌വിരുദ്ധ പ്രചാരണവും മതപ്രഭാഷണവുമായി കുറച്ചുകാലം കഴിച്ചുകൂട്ടി. അനന്തരം ഈജിപ്ത് വഴി ഉസ്മാനി ആസ്ഥാനമായ ഇസ്തംബൂളിലെത്തി. തുർക്കി സുൽത്താൻ 1876-ൽ അദ്ദേഹത്തെ സ്വഫാറിലെ ഗവർണറായി നിയമിച്ചു. പരസ്പരം പോരാടിയിരുന്ന വിവിധ ഗോത്രങ്ങളെ ഇസ്‌ലാമിക സാഹോദര്യത്തിന്റെ സന്ദേശം പകർന്ന് ഒന്നിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. പക്ഷേ ബ്രിട്ടീഷ് കുതന്ത്രങ്ങൾ അവിടെയും അദ്ദേഹത്തെ വേട്ടയാടി. അദ്ദേഹത്തിനെതിരെ കലാപമിളക്കിവിടാൻ ചില ഗോത്രങ്ങളിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ പ്രേരണ ചെലുത്തി. കലാപം ഇഷ്ടപ്പെടാതിരുന്ന അദ്ദേഹം ഗവർണർ സ്ഥാനം രാജിവെച്ചു. ഇസ്തംബൂളിൽ മടങ്ങിയെത്തിയ അദ്ദേഹത്തെ സുൽത്താൻ അബ്ദുൽ ഹമീദ് തന്റെ ക്യാബിനറ്റിൽ അംഗമാക്കി. ഇസ്തംബൂളിൽ വെച്ച് അമീർ ശകീബ് അർസലാനുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായി. 1901-ൽ അദ്ദേഹം ഇസ്തംബൂളിൽ മരണപ്പെട്ടു.

ഉസ്മാനി ഭരണകൂടത്തിൽ ഉന്നത സ്ഥാനം വഹിക്കുമ്പോഴും ജന്മനാട്ടിലേക്ക് മടങ്ങിവരാൻ സയ്യിദ് ഫസൽ അതിയായി ആഗ്രഹിക്കുകയും അതിനു വേണ്ടി ചില ശ്രമങ്ങൾ നടത്തുകയും

ചെയ്തിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സാന്നിധ്യം മലബാർ ജനതയുടെ സ്വാതന്ത്ര്യകാംക്ഷയെ നിയന്ത്രിക്കാനാവാത്തവിധം ഉണർത്തുമെന്നറിയാമായിരുന്ന ബ്രിട്ടീഷ് ഭരണകൂടം അദ്ദേഹത്തിന്റെ മടങ്ങിവരവിനുള്ള എല്ലാ ശ്രമങ്ങളെയും തടഞ്ഞു. സയ്യിദ് ഫസലിനെ മാത്രമല്ല, അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ മക്കളെ പോലും മലബാറിൽ കാലുകുത്താൻ ഭരണകൂടം അനുവദിച്ചില്ല. 1921-ലെ മലബാർ സമരത്തിനു ശേഷം അദ്ദേഹത്തിന്റെ മക്കളെ തിരിച്ചുകൊണ്ടുവരുന്നതിനും അന്യാധീനപ്പെട്ടുപോയ അവരുടെ സ്വത്ത് അവർക്ക് തിരികെ ലഭിക്കുന്നതിനുമായി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ 1933-ൽ 'മമ്പുറം റെസ്റ്റൊറേഷൻ കമ്മിറ്റി' രൂപീകരിക്കപ്പെട്ടു. സാഹിബിനെ സംബന്ധിച്ചേടത്തോളം ഈ ശ്രമം മാനുഷികമെന്നതോടൊപ്പം സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭത്തിന്റെ കൂടി ഭാഗമായിരുന്നു. സമാധാനപരമായ സമരമാർഗത്തിലൂടെ ലക്ഷ്യം നേടാനാണ് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും കൂട്ടരും ശ്രമിച്ചത്. നോട്ടീസുകളും ലഘുലേഖകളും വിതരണം ചെയ്തും പൊതുയോഗങ്ങൾ സംഘടിപ്പിച്ചും ജനങ്ങൾക്കിടയിൽ ആശയപ്രചാരണം നടത്തി. ഈ ബോധവത്കരണം മൂലം സയ്യിദ് ഫസൽ കേരളീയ സമൂഹത്തിൽ വഹിച്ച പങ്കിനെക്കുറിച്ചും സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ അദ്ദേഹത്തിന്റെ ആശയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും സാമാന്യ ധാരണയുണ്ടായി. ബ്രിട്ടീഷ് അധികൃതരും സ്ഥാപിതതാൽപര്യക്കാരും ഒരു വ്യക്തിക്കും കുടുംബത്തിനുമെതിരെ ചെയ്ത നെറികേടിനെതിരെ വ്യാപകമായ പ്രതിഷേധം അലയടിച്ചു. 'മാപ്പിള ഔട്ട്റേജസ് ആക്ട്' എന്ന കരിനിയമം നിലനിൽക്കുന്നേടത്തോളം സയ്യിദ് ഫസലിന്റെ കുടുംബത്തിന് സ്വന്തം നാട്ടിലേക്ക് തിരിച്ചുവരാൻ പറ്റുമായിരുന്നില്ല. അതിനാൽ ഈ കരിനിയമം റദ്ദുചെയ്യാൻ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് ആവശ്യപ്പെട്ടു. സയ്യിദ് ഫസലിന്റെ പുത്രൻ സയ്യിദ് അലിയുമായി മക്കയിൽ വെച്ച് സാഹിബ് ബന്ധപ്പെടുകയും ഇന്ത്യയിലേക്ക് യാത്ര ചെയ്യാനുള്ള അനുമതിക്ക് അപേക്ഷിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സയ്യിദ് അലി പരപ്പനങ്ങാടിയിലെത്തിയെങ്കിലും അവിടെ ഇറങ്ങാൻ ബ്രിട്ടീഷ് അധികൃതർ സമ്മതിച്ചില്ല. തന്മൂലം ആറു മാസം അദ്ദേഹം ഫ്രഞ്ച് അധീനതയിലുള്ള മാഹിയിൽ താമസിച്ചു. മാഹിയിൽ താമസസൗകര്യം ഒരുക്കിക്കൊടുത്തത് സാഹിബിന്റെ നിർദേശപ്രകാരം അദ്ദേഹത്തിന്റെ സുഹൃത്ത് ഡോ. എം.കെ മേനോനാണ്. സയ്യിദ് അലിക്ക് മലബാറിൽ പ്രവേശനം നിരോധിച്ചുകൊണ്ട് മലബാർ കലക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചു. സയ്യിദ് അലിയെ തന്ത്രപൂർവം തടവിലാക്കാൻ അധികൃതർ ശ്രമിച്ചെങ്കിലും എം.കെ മേനോന്റെ സമയോചിത ഇടപെടൽ കാരണം അത് നടന്നില്ല. സയ്യിദ് ഫസലിന്റെ കുടുംബാംഗങ്ങൾക്ക് മലബാറിലേക്ക് തിരിച്ചുവരാൻ സാഹചര്യമൊരുക്കുന്നതിന് അബ്ദുർറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ ഒപ്പുശേഖരണവാരവും ആചരിച്ചു. ഒരു ലക്ഷത്തിലധികം ഒപ്പുകൾ ശേഖരിക്കപ്പെട്ടു. പക്ഷേ സയ്യിദ് ഫസലിന്റെ കുടുംബം നാടുവിട്ടതോടെ മമ്പുറത്തെ അവരുടെ സ്വത്തിന്റെ അവകാശം സ്ഥാപിച്ചു കിട്ടിയ ബ്രിട്ടീഷ് അനുകൂലികളായ അദ്ദേഹത്തിന്റെ കുടുംബത്തിലെ ചിലർ ഭരണകൂടവുമായി ചേർന്ന് നടത്തിയ ഉപജാപങ്ങൾ സയ്യിദ് ഫസലിന്റെ കുടുംബത്തെ ജന്മനാട്ടിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള അബ്ദുർറഹ്മാൻ സാഹിബിന്റെ എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്തി. സാഹിബ് ജയിലിലിലടക്കപ്പെട്ടതോടെ ഈ പ്രക്ഷോഭം കെട്ടടങ്ങി.

മമ്പുറം തങ്ങന്മാരുടെ സാമ്രാജ്യത്വവിരുദ്ധ പാരമ്പര്യം സാമ്രാജ്യത്വത്തിന് സഹായകമാകുന്ന വിധത്തിൽ ഹൈജാക്ക് ചെയ്യപ്പെടുകയാണ് മമ്പുറത്തിന്റെ അവകാശം സാമ്രാജ്യത്വത്തിന്റെ പാദസേവകരുടെ കൈയിൽ എത്തിപ്പെട്ടതോടെ യഥാർഥത്തിൽ സംഭവിച്ചത്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തിരുന്ന സയ്യിദ് അലവി തങ്ങളുടെ ഖബ്റിടം തന്നെ പിൽക്കാലത്ത് അന്ധവിശ്വാസാനാചാരങ്ങളുടെ കൂടാരമാക്കി മാറ്റിയതിൽ മാപ്പിള സമൂഹത്തെ അരാഷ്ട്രീയവത്കരിക്കുക എന്ന സാമ്രാജ്യത്വ അജണ്ടക്കും പങ്കുണ്ട് എന്ന് സംശയിക്കാൻ ന്യായങ്ങളുണ്ട്. കാരണം, സയ്യിദ് ഫസലിന്റെ നാടുകടത്തലിനു ശേഷം മമ്പുറം സ്വത്തിന്റെ അവകാശം ബ്രിട്ടീഷ് അധികൃതരുടെ ഒത്താശയോടെ നേടിയെടുത്ത സയ്യിദ് അലവി തങ്ങളുടെ ആദ്യ ഭാര്യയിലുള്ള മകൾ ശരീഫാ കുഞ്ഞിബീവിയുടെ മകനായ സയ്യിദ് അബ്ദുല്ല കോയ തങ്ങളാണ് അനിസ്ലാമിക വിശ്വാസാചാരങ്ങൾ അരങ്ങു തകർക്കാൻ സഹായകമായ വിധത്തിൽ മമ്പുറം മഖാം നിർമിച്ചത്. അഭ്യസ്തവിദ്യനായ അബ്ദുല്ലക്കോയ ബ്രിട്ടീഷ് ഭരണത്തിന്റെ അനുകൂലിയും അവരുടെ ഒത്താശക്കാരനുമായിരുന്നുവെന്നത് അനിഷേധ്യ ചരിത്രവസ്തുതയാണ്.

പുരോഗമന കാഴ്ചപ്പാടുകളുണ്ടായിരുന്ന സയ്യിദ് ഫസലിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും തിരിച്ചുവരവ് മുടക്കപ്പെട്ടതോടെ സാമ്രാജ്യത്വവിരുദ്ധവും സാമുദായിക പരിഷ്കരണപരവുമായ മമ്പുറത്തിന്റെ യഥാർഥ പാരമ്പര്യം തിരിച്ചുപിടിക്കാനുള്ള സാധ്യത ഇല്ലാതായിത്തീരുകയും ചെയ്തു. യഥാർഥത്തിൽ മലബാറിലെ മുസ്‌ലിം സാമൂഹികജീവിതം പ്രതിലോമപരമായ ആശയപരിസരങ്ങളിലേക്കും നിലപാടുകളിലേക്കും ഗതി മാറി ഒഴുകാൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ നാടുകടത്തൽ നിമിത്തമായി എന്ന് നിരീക്ഷിക്കാവുന്നതാണ്.

ktmhussain@yahoo.co.in

## റഫറൻസ്

1. *ഇസ്‌ലാമിക വിജ്ഞാനകോശം*- ഐ.പി.എച്ച്
2. *മാപ്പിള മുസ്‌ലിംസ് ഓഫ് കേരള* - റൊണാൾഡ് മില്ലർ
3. *കൾച്ചറൽ സിംബയോസിസ്* - എം.ജി.എസ് നാരായണൻ
4. *ലോഗന്റെ മലബാർ മാന്വൽ* - വില്യം ലോഗൻ
5. *കേരള മുസ്‌ലിം ചരിത്രം* - പി.എ സെയ്ത് മുഹമ്മദ്
6. *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം* - സി.എൻ അഹ്മദ് മൗലവി, കെ.കെ മുഹമ്മദ് അബ്ദുൽ കരീം
7. *കേരള മുസ്‌ലിം ചരിത്രം, സ്ഥിതിവിവരണക്കണക്ക്, ഡയറക്ടറി* - ഡോ. സി.കെ കരീം
8. *മുസ്‌ലിംകളും കേരള സംസ്കാരവും* - പി.കെ. മുഹമ്മദ് കുഞ്ഞി
9. *മലയാളത്തിലെ മഹാരഥന്മാർ* - നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ
10. *കേരള മുസ്‌ലിംകൾ: പോരാട്ടത്തിന്റെ ചരിത്രം* - കെ.എം. ബഹാഉദ്ദീൻ
11. *കേരള മുസ്‌ലിം നവോത്ഥാന ചരിത്രം: പ്രബോധനം* സ്പെഷൽ പതിപ്പ്, 1998
12. 'മാപ്പിള സമുദായം'- ടി. മുഹമ്മദിന്റെ പഠനങ്ങൾ, *പ്രബോധനം* മാസിക (പുസ്തകം 35 1974 ഒക്ടോബർ-1975 മാർച്ച്; പുസ്തകം 36 1975 ജൂൺ, ജൂലൈ)
13. *ഉദ്ദതുൽ ഉമറാഇ വൽ ഹുക്കാമി ലി ഇആനത്തിൽ കഫറത്തി ഖഅബദത്തിൽ അസ്നാം*- സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ
14. *മാപ്പിള പഠനങ്ങൾ- ഡോ. എം. ഗംഗാധരൻ*, വചനം ബുക്സ്
15. Against lord and state- കെ.എൻ പണിക്കർ
16. *മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ അധിനിവേശവിരുദ്ധ ചരിത്രത്തിലെ നിത്യസാന്നിധ്യം*, എഡിറ്റർ: ഡോ. കെ.കെ.എൻ കുറുപ്പ്, ഡോ. പി.കെ പോക്കർ
17 'വിരുദ്ധരും വിധേയരും മമ്പുറം തങ്ങന്മാർ: കാലവും അകാലവും'- ഡോ. എം. ഗംഗാധരൻ (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 2005 ജൂൺ)